**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5510** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പട്ടികവർഗ്ഗ/ ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി അനുവദിച്ച പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു പ്രവൃത്തിയും ആരംഭിക്കാത്ത എത്ര സങ്കേതങ്ങൾ ഉണ്ടെന്നും അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുത്തതിൽ 22 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാറശാല നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത തെന്മല പട്ടികവർഗ്ഗ കോളനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ശേഷിക്കുന്ന കോളനികളിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ആയത് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ